
കുട്ടിപട്ടങ്ങൾ
പൊന്നാനി ഗേൾസ് ഹൈസ്ക്കൂൾ
School Magazine

## താളുകൾമറിയുമ്പോൾ

ആമുഖം....4
ടെസ്റ്റ്ട്യൂബ് ശിശുവിന്റെ സ്രഷ്ടാവ്....5
കടങ്കഥകൾ....12
ഇരുൾ....14
നിലാവ്....15
അണയാത്ത പ്രതീക്ഷകൾ....16
സ്കൂൾ പച്ചക്കറിതോട്ടത്തിൽ നിന്ന്....17
ബാല്യ കാലം....19
മഴവില്ല്....20
*സ്വർണ്ണത്തൂവലുള്ള അരയന്നം*....21
ഇത്തിരിക്കുഞ്ഞൻ ഉറുമ്പുതീനി....22
വെർട്ടാനൺ എന്ന വാൽനക്ഷത്രത്തെക്കുറിച്ച് അറിയാം....23
വെർട്ടാൺ: വീട്ടുമുറ്റത്ത്.....?....23
ഓറഞ്ച് പീൽ കാൻഡി....24
ആവശ്യമുള്ള സാധനങ്ങൾ....24
നീളത്തിൽ മുറിച്ച ഓറഞ്ചുതൊലി - 3 ഓറഞ്ചിന്റെത്....24
WORD SEARCH....28
MOTHER NATURE....30
NOW IN DANGER....30
Word puzzle....32
WHO IS A TEACHER?....33
ഓർമകളിൽ വിദ്യാലയം....35
സ്നേഹത്തിൻ മണിമുത്ത്....36
കടങ്കഥ....37
ഗണിത കവിത....38
മയക്കു മരുന്നുകൾക്കെതിരെ....40

# ആമുഖം

വിവര സാങ്കേതിക വിദ്യയുടെ പുതിയ മേച്ചിൽപ്പുറങ്ങളിലേക്ക് നിർബാധം കടന്നു വരാനുള്ള അവബോധം കുട്ടികളിൽ ഉണ്ടാക്കാനുള്ള കുട്ടിപ്പട്ടങ്ങളുടെ എളിയ സംരംഭമാണ് ഈ മാഗസിൻ.

***വിദ്യാർത്ഥികളുടെ സാഹിത്യസംഭാവനകൾ അവർക്ക് കൂടുതൽ ശക്തിയും ആത്മവിശ്വാസവും നൽകുമെന്ന പ്രതീക്ഷയോടെ ഈ മാഗസിൻ സമർപ്പിക്കുന്നു.***

# ടെസ്റ്റ്ട്യൂബ് ശിശുവിന്റെ സ്രഷ്ടാവ്

ലോകത്തിലെ ആദ്യത്തെ ടെസ്റ്റ് ട്യൂബ് ശിശു ലൂയിസ് ബ്രൗൺ 1978 ജൂലൈ 25 ന് രാത്രി 11.47 ന് ജനിച്ചു.ഇംഗ്ലണ്ടിലെ മാഞ്ചസ്റ്ററിനടുത്തുള്ള ഓൾ ദാം ജനറൽ ആശുപത്രിയിൽ.ഇന്ന് ലോകത്ത് 4-ലക്ഷത്തിലധികം ടെസ്റ്റ് ട്യൂബ് ശിശുക്കളുണ്ട്.

ലൂയിസ് ബൗൺ ജനിച്ച് ഒരു വർഷം കഴിഞ്ഞ് അവൾക്കൊരു അനിയത്തി പിറന്നു,അതും ടെസ്സ് ട്യൂബ് ശിശുവായിട്ടുതന്നെ.ലോകത്തിലെ നാല്പതാമത്തെ ടെസ്സ് ട്യൂബ് ശിശു.2010 ൽ റോബർട്ട് എഡ് വേഡിന് നോബൽ സമ്മാനം നൽകി ആദരിച്ചതും ടെസ്റ്റ് ട്യൂബ് ശിശുവിന്റെ ശില്പിയായതുകൊണ്ടായിരുന്നു

1925 സെപ്റ്റംബർ 27 ന് ഇംഗ്ലണ്ടിലെ മാഞ്ചസ്റ്റർ പട്ടണത്തിനടുത്ത് ഒരു തൊഴിലാളി സാധാരണ കുടുംബത്തിലായിരുന്നു റോബർട്ടിന്റെ ജനനം. മാഞ്ചസ്റ്റർ സെൻട്രൽ ബോയ്സ് ഹൈസ്കൂളിലാണ് സ്കൂൾ വിദ്യാഭ്യാസം നേടിയത്. എഡിൻ ബർഗ് സർവകലാശാലയിൽ നിന്ന് മൃഗങ്ങളുടെ

ഭ്രൂണശാസ്ത്രത്തിലതിഷ്ഠിതമായ പഠനത്തിന് പിഎച്ച്.ഡി.ബിരുദം ലഭിച്ചു.

*മൃഗങ്ങളുടെ അണ്ഡം, ബീജസങ്കലനം,ഭ്രൂണത്തിന്റെ വികസനം,ഭ്രൂണത്തിന്റെ വളർച്ചയ്ക്ക് അടിസ്ഥാനമായ ജനിതകശസ്ത്രം എന്നിവയിലായിരുന്നു എഡ് വേർഡിന് താല്പര്യം. ചുണ്ടെലി,നായ,കുരങ്ങ്,പന്നി,പശു,ചെമ്മരിയാട് എന്നിവയുടെയെല്ലാം അണ്ഡങ്ങൾ അണ്ഡശയത്തിൽ നിന്നും വേർപ്പെടുതിത്തി ജീവിയുടെ ശരീരത്തിന് വെളിയിൽ വളർത്തിയെടുക്കാനുള്ള സാങ്കതികവിദ്യ കണ്ടെത്തി,വളർച്ചക്കാവശ്യമായ ആദാരദ്രവ്യം (culture medium) ഉണ്ടാക്കി. 1968 ൽ മാഞ്ചസ്റ്റർ ജനറൽ ആശുപത്രയിലെ ഡോ.പാട്രിക് സ്റ്റെപോടയെ പരിചയപ്പെട്ടു. ഡോ.സ്റ്റെപ്പോ ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റായിരുന്നു.അദ്ദേഹം ലാപ്രോസ്കോപ്പി എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് സ്ത്രീകളുടെ അണ്ഡങ്ങൾ അണ്ഡാശയത്തിൽ നിന്ന് പുറത്തെടുത്തിരുന്നു. ഡോ.സ്റ്റെപോടയുടെ സഹായത്തോടെ*

അണ്ഡാശയങ്ങളിൽ നിന്ന് അണ്ഡം പുറത്തേക്കെടുത്ത് ടെസ്റ്റ് ട്യൂബുകളിൽ വളർത്തിയെടുക്കാനുള്ള സാങ്കതിക വിദ്യയും വളർച്ചക്ക് ആവശ്യമായ ആധാരദ്രവ്യവും വികസിപ്പിച്ചെടുത്തു.ടെസ്റ്റ് ട്യൂബിൽ പുരുഷബീജം കൂട്ടിച്ചേർത്ത് മനുഷ്യശരീരത്തിന് വെളിയിൽ ബീജസങ്കലനം നടത്തനുള്ള

ശാസ്ത്രവിദ്യ ഐ.വി.എഫ്(in vitro fertilisation-IVF) ആദ്യമായി കണ്ടെത്തി.

പ്രകൃതിജന്യമായപ്രക്രിയയിലൂടെകുട്ടികൾപിറക്കാത്ത ദമ്പതികൾക്ക് ഒരു വലിയ അനുഗ്രഹമായിരുന്നു ഈ കണ്ടെത്തൽ. എന്നാൽ പരീക്ഷണ നാളികളിൽ ബീജസങ്കലനം നടത്തി ഭ്രൂണത്തിനെ വളർത്തുന്ന പ്രക്രിയക്കെതിരെ ധാരാളം ഉപരോധങ്ങൾ ഉയർന്നു വന്നു. ഇത്തരത്തിലുള്ള ഗവേഷണങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം വരെ മെഡിക്കൽ ഗവേഷണ സമ്മിതി നിർത്തലാക്കി. ഒട്ടനവധി നിയമ പ്രശ്നങ്ങളും തലയുയർത്തി.

ലൂയിസ് ബ്രൗണിന്റെ മാതാപിതാക്കൾക്ക് കുട്ടിക്കൾ ജനിക്കാത്തിതന്റെ കാരണം അമ്മയുടെ ഫാലോപിയൻ നാളി യിൽ ഉണ്ടായിരുന്ന ഒരു തടസ്സം ആയിരുന്നു.അതു കാരണം അണ്ഡവും പുരുഷബീജവും കൂട്ടി മുട്ടാനുള്ള സാഹചര്യം ഇല്ലാതായി.എന്നാൽ അണ്ഡത്തിനോ, അണ്ഡത്തിന്റെ വളർച്ചയ്ക്കോ അണ്ഡാശയത്തിനോ ഗർഭപാത്രത്തിനോ ഒരു പ്രശ്നവും ഇല്ലായിരുന്നു.ലൂയിസ് ബ്രൗണിന്റെ പിതാവിനുവൈകല്യങ്ങില്ലായിരുന്നു.ഈ പ്രശ്നമാണ് റോബർട്ട് എഡ് വേർഡ്സും പാട്രിക് സ്റ്റെപ്റ്റോയും കൂടി പരിഹരിച്ചത്.അമ്മയുടെ പാകമായ അണ്ഡം പുറത്തേകെടുത്തു.അച്ഛന്റെ ബീജവും ശേഖരിച്ച് ടെസ്റ്റ് ട്യൂബിൽ നിക്ഷേപിച്ചു.അങ്ങിനെ ടെസ്റ്റ് ട്യൂബിനകത്ത്

*മനുഷ്യന്റെ ബീജസങ്കലനം ആദ്യമായി നടന്നു.ഒരു സിക്താണ്ഡം*

ഉണ്ടായി. ഇതിന്റെ വളർച്ചയ്ക്ക് ആവശ്യമായ പോഷകങ്ങളെല്ലാംടെസ്റ്റ്ട്യൂബിനകത്തുള്ളആധാരദ്രവത്തിൽ ലഭ്യമാക്കിയിരുന്നു. സിക്താണ്ഡം ടെസ്റ്റ്ട്യൂബിനകത്ത് വളരുന്ന ഭ്രൂണമായി. 32 കോശങ്ങളുണ്ടാകുന്നതു വരെ ടെസ്റ്റാട്യൂബിലായിരുന്നു. തുടർന്ന് ഭ്രൂണത്തെ അമ്മയുടെ ഗർഭപാത്രത്തിലേക്ക് നേരിട്ട് നിക്ഷേപിച്ചു. ഭ്രൂണം ഗർഭാശയത്തിനുള്ളിൽ സ്വഭാവിക വളർച്ചയിലൂടെ വളർന്ന് ലൂയിസ് ബ്രൗൺ എന്ന ലോകത്തിലെ ആദ്യത്തെ ടെസ്റ്റ്ട്യൂബ് ശിശു ജനിച്ചു. 1984 ൽ റോയൽ സൊസൈറ്റി അംഗമായിഎഡ് വേർഡിനെ അംഗീകരിച്ചു. തുടർന്ന് വൈദ്യശാസ്ത്രത്തിൽ ഗവേഷണം നടത്തി പുതിയ വസ്തുക്കൾ കണ്ടെത്തുന്നവർക്ക് നൽകുന്ന ലാസ്കർ അവാർഡ് ലഭിച്ചു. 2010 ൽ നൊബേൽ സമ്മാനവും ലഭിച്ചു. 2013 ഏപ്രിൽ 10 ന് മാഞ്ചസ്റ്ററിനടുത്തുള്ള സ്വന്തം വസതിയിൽവച്ച് അദ്ദേഹം മരിച്ചു.

# ***CLUB ACTIVITIES***












# കടങ്കഥകൾ

1. ഉടൽ പക്ഷി , തല ചെന്നായ്, തലകീഴായ് ജീവിതം =വവ്വാൽ
2. പുറമേക്കാട് അകമേ പാറ ഉള്ളിൽ ചോറ് = തല
3. കൈപ്പുണ്ട് കാഞ്ഞിരമല്ല , മുള്ളുണ്ട് മുരിക്കല്ല , വാലുണ്ട് വാനരനല്ല = കൈപ്പക്ക
4. ലഹളയിൽ മുമ്പൻ വേലയിൽ പിമ്പൻ = ല എന്ന അക്ഷരം
5. ഉറങ്ങും പക്ഷെ കണ്ണടക്കില്ല = മത്സ്യം
6. തൊട്ടാലുടനെ ഉറങ്ങും കുറച്ചുകഴിഞ്ഞാൽ ഉണരും = തൊട്ടാവാടി
7. മലയിൽ വാഴനട്ടു , കടലിൽ വേരിറങ്ങി = സൂര്യൻ
8. എന്നെ തൊട്ടുകളിച്ചാൽ തൊട്ടവനെ തട്ടികളയും = വൈദ്യുതി
9. അമ്മയ്ക്കു വാലില്ല മക്കൾക്ക് വാലുണ്ട് = തവള
10. കണ്ണില്ലെങ്കിലും കരയും = മേഘം

# മികവുത്സവം






BUBBLE
ALPHABETS


COMIC STRIP
THE LAST LEAF


काली मिर्च
जीरा
चना
लहसुन


Rose
Lotus
Hibiscus


സസ്യ കോശം



# ഇരുൾ

വെളിച്ചമേ
നീ  നൂലാവുക
ഞാൻ മുത്തുകളാകാം
നമുക്കൊരു  മാലകോർക്കാം
അതീഭൂമിയെ ചാർത്താം
യ്യിറങ്ങുന്ന  മഴയെ
അതിലേക്കാവാഹിക്കാം
അമ്മയുടെ ഗർഭത്തിൽ ചെന്ന്
നമുക്കാ ജലധാരയെ
പുഴകൾക്ക്  കൈമാറാം
നദികളെ നിധികളാക്കാം
വേണമെങ്കിൽ  ചക്കയെ
വേരിലും കായ്പ്പിക്കാം
കാഞ്ഞിരത്തെ  കരിമ്പാക്കാം
മേഘത്തെ
ധരയുടെ  കണ്ണുകളാക്കാം
*അതിൽ  നമുക്കലിഞ്ഞുചേരാം*

# നിലാവ്

നറു ചിരി വിതറാൻ
ചിരിയൊളി പകരാൻ
വിരുന്നെത്തിയിരുന്നു.
വിണ്ണിൽ നിന്നീ വെണ്ണിലാവ്
വിണ്ണിൽ നിന്നീ വെണ്ണിലാവ്
ഇര വന്നിരുളിൽ
വഴിയേതെന്നിയാതുഴലും
നേരത്തെൻ ചാരത്തായണയും
സഖിയേ... സഖിയേ...
മണ്ണിന്നിരുളകലാൻ കണ്ണിൽ
കാഴ്ചകൾ തെളിയാൻ
കാഴ്ചകൾ തെളിയാൻ
കനവിൽ നിറയും നിനവും
കുളിരും കൂട്ടായണയും
നില ഗുവലഴകേ...
നിറ നിലാ കുടവുമായെന്നമെൻ
***അരികിലണയുമോ സഖിയേ...***

# അണയാത്ത പ്രതീക്ഷകൾ

മോനാ നക്ഷത്രങ്ങളൊക്കേ നോക്കിക്കേ, എന്തൊരുയരത്തിലാ അത് നിക്ക്ണെ. എന്തോരംതിളക്കാമാണ് അതിന്! മോൻ നക്ഷത്രങ്ങളെ പോലാവണം. "മോൻ പഠിച്ച് പഠിച്ച് വലിയ ആളായി ഏടെയും തിളങ്ങണം". അമ്പിളി ആകാശത്തേക്കു ചൂണ്ടി തന്റെ മകനോട് പറഞ്ഞു. അമ്മ നോക്കിക്കോ ഞാൻ വലിയ ആളാവും എന്നിട്ട് അമ്മയെ പൊന്ന് പോലെ നോക്കും. അവൻ അമ്മയെ കെട്ടിപിടിച്ചുകൊണ്ട് പറഞ്ഞു. ആ അമ്മ തന്റെ മകന്റെ മൂർദ്ധാവിൽ സ്നേഹത്തോടെ തലോടി. ആ ചെറ്റകുടിലിന്റെ ഓലമേഞ്ഞ മേലക്കൂരകക്കിടയിലൂടെ ഈ സ്നേഹപ്രകടനങ്ങൾക്ക് സാക്ഷിയായ നക്ഷത്രങ്ങൾ തിളങ്ങികൊണ്ടിരുന്നു. ആ തിളക്കം ആകാശത്തിൽ ഭംഗി വർധിപ്പിച്ചു.

എന്താ സുജേ, അവിടെന്നൊരു പുക വരുന്നെ, നല്ല കരിഞ്ഞ മണവുമുണ്ടല്ലോ? രാജൻ ഭാര്യ സുജയോട് ചോദിച്ചു നേരാണല്ലോ സുജ ജനാലയുടെ കർട്ടൻ നീക്കി നോക്കി. ന്റെ ദൈവ്യ!എന്താ ഈ കാണുന്നെ അവിടെ അവൾ കണ്ടു, ആ ചെറ്റ കുടിലിനെ മറച്ചുകൊണ്ട് കത്തിപ്പടരുന്ന അഗ്നിയെ! അവിടെ കത്തിപ്പടരുന്നത് രണ്ട് ജിവനുകൾ മാത്രമായിരുന്നില്ല മറിച്ച് രണ്ട് സ്വപ്നങ്ങളും രണ്ട് പ്രതീക്ഷകളായിരുന്നു അഗ്നിയുടെ അഗാഥഗർത്തത്തിലോക്ക് ആ നിരപരാധികളായ അമ്മയും കുഞ്ഞും തള്ളപ്പെട്ടിരിക്കുന്ന പ്രതീകാരദാഹിയായ അഗ്നി അപ്പോഴും അണയാതെ കത്തുന്നു. ആകാശത്തെ നക്ഷത്രങ്ങൾ അപ്പോഴേക്കും അപ്രതീക്ഷിതമായിരുന്നു. ഒരു പക്ഷേ ആ തീരാവേദന കാണാതിരിക്കാൻ വേണ്ടിയാകും. ആകാശം എന്തിനോ വേണ്ടി വിതുമ്പി നിന്നു. ആ ദുരന്തം കൺനിറയെ കണ്ടു കൊണ്ട്.

**Sidhra**
**10 B**

# സ്കൂൾ പച്ചക്കറിതോട്ടത്തിൽ നിന്ന്

പച്ചക്കറിത്തോട്ടത്തിൽ നിന്ന്



# <u>ബാല്യ കാലം</u>

***കളങ്കമില്ലാതെ ചിരിക്കാൻ കഴിഞ്ഞതും***
***ചെറു വേദനകളിലും കരയാൻ  കഴിഞ്ഞതും***
***നിസ്സാര കാര്യത്തിനും പിണങ്ങാൻ കഴിഞ്ഞതും***
***വളരെ പെട്ടെന്ന് ഇണങ്ങാൻ കഴിഞ്ഞതും***
***കുസൃതിയാൽ ചിരി പടർത്താൻ കഴിഞ്ഞതും***
***നിഷ്കളങ്കമായ എൻ ബാല്യത്തിലായിരുന്നു***
***ഇനിയൊരിക്കലും തിരിച്ചു ലഭിക്കാത്ത***
***മാധുര്യത്തിന്റെ വസന്തക്കാലം***
***സുന്ദരമാണെന്റെ ബാല്യകാലം***

# മഴവില്ല്

*മാനത്തുണ്ടൊരു മഴവില്ല്*
*നീലക്കാറണി  മഴവില്ല്*
*നിറമേഴുള്ളൊരു മഴവില്ല്*

*മാനമിരുണ്ട കറുക്കുമ്പോൾ*
*മഴയ്ക്ക് മുമ്പേ മാനത്ത്*
*കാണാം നല്ലൊരു മഴവില്ല്*
***ഏഴഴകുള്ളൊരു മഴവില്ല്***

# സ്വർണ്ണത്തൂവലുള്ള അരയന്നം

ഒരു സ്ഥലത്ത് രാമുവും കുടുംബവും താമസിച്ചിരുന്നു. അവർ സന്തോഷമായി ജീവിച്ചിരുന്നുകുറച്ചുകാലം കഴിഞ്ഞപ്പോൽ രാമു പെട്ടനിന്നു മരിച്ചു.സ്വർണ്ണ തൂവലുള്ള ഒരു അരയന്നമായാണ് പിന്നീട് അയാൾ ജനിച്ചത്.അപ്പോൽ അയാളുടെ കുടുംബം വളരെ വിഷമിച്ച് ജീവിക്കുന്നതാണ് കണ്ടത്.അയാളുടെ സ്വർണ്ണ തൂവലുകൽ വിറ്റ് സുഖമായി ജീവിക്കാൻ തന്റെ മക്കളോട് പറഞ്ഞു.പക്ഷെ ഈ അരയന്നം എന്നും സ്വർണ്ണത്തൂവലുകൽ തരുമോ എന്ന് അവർ സംശയിച്ചു.ഒരു ദിവസം അവർ അരയന്നത്തെ പിടിച്ച് തൂവലുകൽ മുഴുവൻ പറിച്ചെടുത്തു.അടുത്ത നിമിഷം ആ സ്വർണ്ണത്തൂവലുകളെലാം വെറും തൂവലായി മാറി.അമ്മയും മക്കളും തങ്ങളുടെ അത്ത്യാഗ്രഹത്തെ ഓർത്ത് വിഷമിച്ചു.

# ഇത്തിരിക്കുഞ്ഞൻ ഉറുമ്പുതീനി

നീളം കഷ്ടിച്ച് 11 സെന്റീമീറ്റർ.കാഴ്ച്ചശക്തി വളരെ കുറവ്.പക്ഷേ,മണൽ കുഴിച്ചു മുന്നോട്ടുപോകുന്ന വേഗം കണ്ടാൽ ആരും ഒന്നമ്പരക്കും! ഇവനാണ് പിങ്ക് ഫെയറി അമാഡില്ലോ(pink fairy armadillo)എന്ന കൊച്ചു ജീവി.ഏറ്റവും ചെറിയ ഒരു തരം ഉറുമ്പുതീനിയാണിത്.പിങ്ക് ഫെയറികളുടെ പുറത്ത് ഒരു തോടു കാണാം.ഇതിനു നല്ല പിങ്ക് നിറമായിരിക്കും.അർജ്ജന്റീനയിലെ മരുപ്രദേശങ്ങളിലാണ് ഈ ഇത്തിരികുഞ്ഞൻമാരെ കൂടുതലും കാണുക.

# വെർട്ടാനൺ എന്ന വാൽനക്ഷത്രത്തെക്കുറിച്ച് അറിയാം.....

# വെർട്ടാൺ: വീട്ടുമുറ്റത്ത്.....?

വെർട്ടാനൺ 1948-ൽ കണ്ടു പിടിക്കപ്പെട്ട ഒരു വാൽ നക്ഷത്രമാണ്.അമേരിക്കയിലെ കാലിഫോർണിയയിലുള്ള ലീക്ക് നിരീക്ഷണാലയത്തിലെ കാൾ എ.വെർട്ടാനൺ എന്ന വാന നിരീക്ഷകനാണ് ഈ വാൽ നക്ഷത്രത്തെ കണ്ടെത്തിയത്.അതുകൊണ്ടു തന്നെ 46p/വെർട്ടാനൺ എന്ന പേരിലിത് അറിയപ്പെട്ടു.

5.4 വർഷം കൊണ്ട് ഈ വാൽ നക്ഷത്രം സൂര്യനെ പ്രദക്ഷിണം ചെയ്യും.എന്നാൽ ഭൂമിയിൽ നിന്ന് വളരെ അകലെ ആയതിനാൽ അധികമാരും വെർട്ടാനണെ ശ്രദ്ധിച്ചിരുന്നില്ല.അങ്ങനെയിരിക്കെയാണ് പുള്ളി ഭൂമിക്ക് വളരെ അടുത്തു കൂടെ വരുന്ന എന്ന വാർത്ത വന്നത്.

ഈ അടുപ്പം എന്നു പറഞ്ഞത് ലക്ഷക്കണക്കിന് കിലോമീറ്റർ ആണെന്നോർക്കണേ.ഏതാനും കിലോമീറ്റർ വ്യാസമുള്ള ഒരു തലയും(കോമ),കോടിക്കണക്കിന് കിലോമീറ്റർ നീളമുള്ള നേർത്ത വലുപ്പമാണ് വാൽ നക്ഷത്രത്തിന്റെ പൊതു ഘടന.

സൂര്യനോട് അടുക്കുമ്പോൾ മാത്രമേ വാൽ നക്ഷത്രങ്ങൾ അവയുടെ വിശ്വരൂപം പ്രകടിപ്പിക്കാറുള്ളൂ.എന്നാലും വെർട്ടാനൺ ചെറിയൊരു വാൽ നക്ഷത്രം മാത്രമാണ്.വെർട്ടാനൺ ഭൂമിയോട് ഏറ്റവും അടുത്ത സമയത്ത് പോലും നമ്മുക്കതിനെ വെറും കണ്ണുക്കൊണ്ട് നന്നായി കണാൻ കഴിഞ്ഞിരുന്നില്ല.മാത്രമല്ല ചന്ദ്ര പ്രഭയും പൊടിപടലങ്ങളും നല്ല കാഴ്ച കുറയ്ക്കുകയും ചെയ്യു.

***ഇപ്പോൾ ഒറിഗ നക്ഷത്രഗണത്തിന് വടക്ക് കിഴക്കായി കാണപ്പെടുന്ന വെർട്ടാനൺ തെക്കാണേൽ ശക്തകൂടിയ ടെലസ്കോപ്പ് ഉപയോഗിക്കേണ്ടി വരും.എന്നിരുന്നാലും സാധാരണഗതിയിൽ 2018-ലെ ഏറ്റവും തിളക്കം കൂടിയ വാൽ നക്ഷത്രമായി വെർട്ടാനൺ അറിയപ്പെടും.***

# ഓറഞ്ച് പീൽ കാൻഡി

## ആവശ്യമുള്ള സാധനങ്ങൾ

നീളത്തിൽ മുറിച്ച ഓറഞ്ചുതൊലി – 3 ഓറഞ്ചിന്റേത്

പഞ്ചസാര -ഒന്നരക്കപ്പ്

വെള്ളം -രണ്ടേമുക്കാൽ കപ്പ്

## തയ്യാറാക്കുന്ന വിധം

ഓറഞ്ച് നന്നായി കഴുകി,തൊലി അടർത്തിയെടുക്കുക.തൊലി നീളത്തിലുള്ള കഷ്ണങ്ങളായി നുറുക്കുക.പാനിൽ ഒരു കപ്പ് വെള്ളമൊഴിച്ച് ചൂടാക്കുക.തിളച്ചുമ്പോൾ കഷ്ണങ്ങൾ അതിലേക്കിട്ട് 10 മിനിട്ട് വേവിക്കുക.തീയണച്ച്,പാൻ ഒന്നു തണുത്തതിനു ശേഷം പാനിലെ വെള്ളം മാറ്റുക.വീണ്ടും ഒരു കപ്പ് വെള്ളം ചേർത്ത് തിളപ്പിച്ച് ,കഷ്ണങ്ങൾ ഒന്നുകൂടി വേവിച്ചെടുക്കുക.കഷ്ണങ്ങൾ മറ്റൊരു പാത്രത്തിലേക്ക് മാറ്റുക.പാൻ ചൂടാക്കി അതിലേക്ക് ഒന്നര കപ്പ് പഞ്ചസാരയും മുക്കാൽ കപ്പ് വെള്ളവും ചേർത്ത് പാനിയാക്കിയതിലേക്ക് മാറ്റുക.പാൻ ചൂടാക്കി അതിലേക്ക് കഷ്ണങ്ങൾ ഇടുക. 45 മിനിറ്റ് ചെറുതീയിൽ മിശ്രിതം അടച്ചു വെയ്ക്കുക.ശേഷം പാത്രത്തിലേക്കോ ബേക്കിംങ്

പാത്രത്തിലേക്കോ കഷ്ണങ്ങൾ ഓരോന്നായി മാറ്റി,മുകളിൽ പഞ്ചസാരപ്പൊടി വിതറാം. 4-5

***മണിക്കൂർ കഴിഞ്ഞാൽ ടേസ്റ്റി ഓറഞ്ച് പീൽ കാൻഡി തിന്നാൻ പാകത്തിന് റെഡിയായിരിക്കും.***



SANHA IX B

# WORD SEARCH

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| B | H | P | F | Q | G | S | J | Z | A |
| A | J | A | S | M | I | N | E | Z | T |
| C | L | Y | T | O | S | I | R | E | E |
| H | E | Q | X | N | T | N | D | O | L |
| I | Y | X | L | K | R | E | W | M | E |
| E | O | I | V | E | N | Z | K | J | P |
| V | T | L | U | Y | O | U | N | G | H |
| E | D | U | C | A | T | I | O | N | O |
| F | R | Y | P | A | N | B | W | K | N |
| K | Z | U | C | O | C | S | N | C | E |
| O | F | U | N | N | Y | B | W | D | M |
| Z | I | L | N | J | W | P | M | K | G |
| A | T | W | I | N | K | L | E | A | K |

## ACROSS

1. A flower
4. not old
5.used to fry food
6. Stars........
7. We go to school for this
8. Clowns are ..........

## DOWN

2 .............Success
3. an animal
9. means of communication
10. Famous

# MOTHER NATURE NOW IN DANGER

There are a range of diverse things to talk about when we think of the beautiful nature,animals,plants,mountains ,hills,rivers,lakes,plateaus,valleys and more .We have known them from for time immemorial,they have a long history. Most important of all,is that earth is a beautiful planet where life exists. "Nature is a gift from god and we should try to keep it clean". We hear this often,but who cares! People pollute the nature. They litter the earth too much which can't be tolerated.


Humans are now being cruel to nature,rivers,forests and pastures are giving way to huge structures. trees are cut for furnitures and are not valued as the assets of mother nature. The world is developing and leading to deforestation. There are thousands of organisations working against deforestation. But all

is insufficient.

Littering plastics is also very harmful to earth. Rivers are used to dump wastes,so are the footpaths,roads and fields. Plastics don't decompose and it stays for ever. Animals might eat them,thus endangering their lives! Now...all the harmful deeds of humans lead to a great danger which would destroy them!!!

*Let us not repeat the mistakes of the previous generation. Let us be the guardians of mother earth and protect it for ever. Let us be the pioneers in building the earth back to its natural self..........!!!*

# Word puzzle




## Horizontal

2. Father of the national
5. Enemy of the cats
6. A waltdisney character named after a planet

**VERTICAL**

1. I am the man's best friend
3. Dark continent
4. The people who discovers outer space

# WHO IS A TEACHER?

Teacher the second mother
Giving warmth and love
Feeling maternal pain in
Moulding the child citizen

A teacher can be
A friend sharing joys and sorrows
A guide torching the right way
A philosopher strengthening the minds
A architect drawing the plan of life
A mason uniting the “brick” of abilities
A nurse caring the emotions
A doctor prescribing “value”able medicine
A  minister serving impartially
An angle keeping away from evil

But never can be
a destroyer injecting power of destruction
*to the little minds*

കുട്ടിപട്ടങ്ങൾ





# ഓർമകളിൽ വിദ്യാലയം

വിദ്യാലയം എന്ന ദേവാലയം
എന്നുമോർമകൾ തളിരിട്ടും പൂന്തോട്ടം
പുസ്തക താളിലെ അക്ഷര ഘനിയിലെ
മുത്തും പവിഴവും കൊയ്തെടുക്കാൻ
അറിവിന്റെ എന്ന ദേവാലയം നിർമ്മാല്യ
മേകുവാനായ്
തോഴരായെത്തുന്നു ശാസ്ത്രവും ഗണിതവും
(വിദ്യാലയം എന്ന ദേവാലയം)
അധ്യാപകരുടെ സ്നേഹവാത്സല്യങ്ങൾ-
പങ്കുവെക്കാനെന്റെ കൂട്ടുകാരും
ഓർമ്മകൾ തളിരിട്ടും പൂങ്കാവനം
എന്റെ അരുമയാമാദ്യത്തെ വിദ്യാലയം
ഇണക്കങ്ങളും കൊച്ചു പിണക്കങ്ങളും
വിദ്യ തൻ ആലയം വിദ്യാലയം
എന്റെ അരുമയാമാദ്യത്തെ വിദ്യാലയം
വിദ്യാലയം എന്ന ദേവാലയം
എന്നുമോർമ്മകൾ തളിരിട്ടും
പൂങ്കാവനം................

# സ്നേഹത്തിൻ മണിമുത്ത്

നമ്മുടെ സമൂഹത്തിൽ ഇന്ന് ഏറെയായി വരുന്ന ഒരു ദുഷ് പ്രവർത്തിയാണ് അമ്മമാരെ അവരുടെ തൃപ്ത്തികനുസരിച്ച് നോക്കാതെ വൃദ്ധസദനങ്ങളിൽ ഒരു വ്യക്തിത്വവുമില്ലാതെ നശിച്ചു പോയ സാധനങ്ങൾ പോലെ അവർ യാതൊരു ഉത്തരവാദിത്വവുമില്ലാതെ അമ്മമാരുടെ മനസ്സറിയാതെ അവർ വൃദ്ധസദനങ്ങളിൽ കൊണ്ട് പോകുന്നു നമ്മുടെ സമൂഹം വളരെയധികം മാറിയിരിക്കുന്നു പെറ്റമ്മയെ മനസ്സിലാക്കാത്തവരാണ് ഇന്നത്തെ മനുഷ്യർ

***നമുക്ക് ജീവിതത്തിൽ ദൈവം കനിഞ്ഞുതരുന്ന മണിമുത്താണ് അമ്മ വാത്സല്യത്തിന്റെയും സ്നേഹത്തിന്റെയും പ്രതീകമാണ് നമ്മുടെ വളർച്ചയുടെയും ഉയർച്ചയുടെയുമെല്ലാം പിന്നിലെ ദൈവമാണ് അമ്മ നമുക്ക് ജന്മം നൽകുന്നതും അതിനെ തുടർന്നുള്ള എല്ലാ പ്രാരാപ്തങ്ങളും സഹിച്ച് അമ്മ നമ്മെ സംരക്ഷിക്കുന്നു ഗർഭകാലം മുതൽ മരണം വരെ നമ്മുടെ ദുഃഖത്തിലും സന്തോഷത്തിലും പങ്കുചേരുന്നു ഗർഭകാലങ്ങളിൽ എത്രയോ ദുരിതങ്ങൾ അമ്മ സഹിചേകാം പക്ഷേ എന്നാലും മക്കളുടെ ജനനത്തിൽ അമ്മ വളരെ സന്തോഷഭരിതയാണ് ഇത്രയും വളരെ ഇഷ്ടത്തോടെ നമ്മുടെ മനസ്സറിഞ്ഞ് അമ്മ നമ്മെ ശുശ്രൂഷിക്കുന്നു മക്കൾക്ക് എന്തെങ്കിലും ഒരു വിഷമം വന്നാൽ വാത്സന്യം കിനിയുന്ന കണ്ണുകളുമായി ദേവിയെ പോലെ അമ്മ പ്രത്യക്ഷപ്പെടും അമ്മയുടെ ഓരോ കണ്ണുനീരിലുമുണ്ട് മാതൃത്വം എന്ന മഹാസത്യം അമ്മ എന്നത് ദൈവം തന്ന വലിയ അനുഗ്രഹത്തിൽ ഒന്നാണ് ആ അനുഗ്രഹം നാം നമ്മുടെ ജീവിതത്തിൽ ഓരോ വിഭാഗത്തിൽ ഉപയോഗിക്കേണ്ടതുണ്ട് അങ്ങനെയാണെങ്കിൽ നമ്മുടെ ജീവിതത്തിൽവളരെ സന്തോഷങ്ങളും നന്മകളും നിറഞ്ഞതായിരിക്കും***

## കടങ്കഥ

- ജീവനുള്ളപ്പൊൾ മിണ്ടാട്ടമില്ല.ചത്ത് കഴിഞ്ഞാൽ മധുരമായ് ശബ്ദിക്കും?

➔ ശംഖ്

- കുഞ്ഞിക്കാലൻ മെല്ലെ മെല്ലെ, നീണ്ട ഒരു പയ്യൻ വേഗം ?

➔ വാച്ചിന്റെ സൂചി

- കണ്ടാലറിയില്ല ആർക്കും തന്നെ കൊണ്ടാലറിയാമെല്ലാവർക്കും

➔ കാറ്റ്

➔ കാലിൽ പിടിച്ചാൽ തോളിൽ കയറും?

➔ കുട

- ഒരാളെ താങ്ങിനിർത്താൻ മൂന്നാള് ?

➔ അടുപ്പ്

- കണ്ടാൽ തീവണ്ടി,തൊട്ടാൽ ചക്രം ?

➔ തേരട്ട

- കാലകറ്റിയാൽ വായ തുറക്കും?

➔ കത്രിക

- നേടാൻ പാട്, നേടിയാൽ ഉറക്കം കമ്മി?

➔ പണം

- നനച്ചാലും നനച്ചാലും നനയാത്ത പായ?

➔ ***ചേമ്പില***

# ഗണിത കവിത

ഭിന്ന രൂപമെന്നതെന്താണ്
അംശവും ഭിന്നവും ചേർന്നതാണ്
ഭിന്നത്തിൽ അംശം മുകളിലാണ്
ഛേദമോ ഭിന്നത്തിൽ താഴെയാണ്
ഭിന്ന രൂപമിത് എത്ര തരം
ഭിന്ന രൂപമിത് മൂന്ന് തരം
എന്തൊക്കെയാണെന്ന് ചൊല്ലിടാമോ
വിഷമവും മിശ്രവും സാധാരണയും
വിഷമത്തിൽ പ്രത്യകത എന്താണ്
സാധാരണ ഭിന്നത്തിൽ പ്രത്യകതയോ
സാധാരണയിൽ അംശം ചെറുതാകും.
ഒരു പൂർണസംഖ്യയും
സാധാരണ ഭിന്നവും
ഒന്നിച്ചാലത് മിശ്ര ഭിന്നമാണ്
വിഷമത്തെ മിശ്രവും മിശ്രത്തെ വിഷമവും
ആക്കുവതെങ്ങനെ എന്ന് ചൊല്ലിടാമോ
വിഷമത്തിൽ അംശത്തെ ഛേദം കൊണ്ടരിക്കുകിൽ
ഒരു പൂർണ സംഖ്യ കിട്ടുമല്ലോ
ശിഷ്ടത്തെ ഭിന്നത്തിൽ അംശമായി ചേർത്തീടിൻ

ഛേദം പഴയതുതന്നെ
മിശ്രമിപ്പോൾ കിട്ടുമല്ലോ
മിശ്രത്തിൻ പൂർണസംഖ്യ കൊണ്ട്
മിശ്രത്തിൻ ഛേദം ഗുണിച്ചശേഷം
അംശം അതിനോട് കൂട്ടീടുകിൽ

ഛേദം പഴയതുപ്പോലെ തന്നെ
വിഷമഭിന്നമിപ്പോൾ കിട്ടുമല്ലോ
ഇത്രയും കേട്ടപ്പോൾ എന്തു തോന്നി
***ഭിന്നം പഠിക്കുവാനായി തോന്നി***

# മയക്കു മരുന്നുകൾക്കെതിരെ

ഇന്ന് യുവാക്കളെ ബാധിച്ചിരിക്കുന്ന ഏറ്റവും വലിയ വിനയാണ് ലഹരിയിലുള്ള ആസക്തി. എത്രയോ കുടുംബങ്ങൾ ഇതു മൂലം അനാഥമായിത്തീർന്നിരിക്കുന്നു. വിദ്യർത്ഥികളിൽ ഒരു ന്യൂന പക്ഷം ദുർവ്യക്തിക്ക് അടിമപ്പെട്ടിരിക്കുന്നു എന്നത് മറ്റൊരു ദുരന്തമാണ്. ഇന്നു നാട്ടിൽ നടക്കുന്ന അക്രമ പ്രവർത്തികളിൽ ഒട്ടു മുക്കാലും ഉണ്ടാകുന്നത് മദ്യവും മയക്കുമരുന്നുകളും കാരണമാണ്.

കൗമാരപ്രയങ്ങളിൽഉള്ളവർആദ്യംആകർഷിക്കപ്പെടുന്നത് പുകവലിയിലേക്കാണ്. പുകവലി കഞ്ചാവു ബീഡിയിലൂടെയായാൽ  കൂടുതൽ രസകരം. പിന്നീട് ചരസ്,മരിജുവാന,ബ്രൗൺ ഷുഗർ, മാൺ ഡ്രാക്സ്, തുടങ്ങിയവ മാരകമായ മയക്കു മരുന്നകളുടെ മായാലോകത്തേക്ക് അവർ നയിക്കപ്പെടുകയായി.ഇവരുടെ പതിവുലഹരി കൃത്യസമയത്തു ലഭിച്ചില്ലെങ്കിൽ ഉപഭോക്താവ് ഭ്രാന്തു പിടിച്ച പോലെയാകും.

ഇവയ്ക്കു പണമുണ്ടാക്കാൻ മോഷണം, പിടിച്ചുപറി, കൊലപാതകം,തുടങ്ങിയ ക്രൂരകൃത്യങ്ങൾ അയാൾ ചെയ്തുപോകും. മനുഷ്യനെ മൃഗമാക്കുന്ന ഈ ഏർപ്പാട് എത്ര എത്ര നിർഭാഗ്യവാൻമാരെ നിത്യ രോഗികളാക്കുന്നു.എത്രയോ കലാപ്രതിപക്കൾ മദ്യത്തിൽ മുങ്ങി മരിച്ചിരിക്കുന്നു. മയക്കുമരുന്നുകളുടെ വിഷലഹരിയിൽ അടിതെറ്റി വീണു കഴിഞ്ഞിരിക്കുന്നു. ഏറ്റവും ഒടുവിലത്തെ ഉദാഹരണം ഫുഡ്ബോൾ മാന്ത്രികനായ മറഡോണയുടെ പതനമാണ്. അമിത മായ മയക്കുമരുന്നുകളുടെപയോഗം അയാളുടെ ഹൃദയത്തെ തൊണ്ണൂറുശതമാനവും പ്രവർത്തന രഹിതമാക്കിയിരുന്നു എന്നതാണ്.

കോളേജുകൾ തൊഴിൽ സ്ഥാപനങ്ങൾ തുടങ്ങിയവമാത്രമല്ല വനിതാ ഹോസ്റ്റലുകൾ പോലും മയക്കുമരുന്ന് വിതരണക്കാരുടെ വിഹാര രംഗമായി മാറിക്കൊണ്ടിരിക്കുന്ന കാലമാണിത്. ഇതിനെതിരായി ശബ്ദിച്ചാൽ ജീവിതം തന്നെ നഷ്ടമാകുന്നനിലയാണ്. കള്ളവാറ്റിനെതിരെ പ്രച്ചാരണം നടത്തിയ ഒരാളെ മദ്യലോബിയുടെ ഏജന്റ്മാർ തൊഴിച്ചു കൊന്ന വാർത്ത പത്രപംക്തികളിൽ സ്ഥാനം പിടിച്ചിരിക്കുന്നല്ലോ.അധമവികാരങ്ങൾക്കടിമപ്പെട്ട

അധോലോക നായികൻമാർ മയക്കുമരുന്നു വ്യാപാരത്തിലൂടെ കോടികൾ സമ്പാദിച്ച് കോടതികളെപ്പോലും സ്വാധീനിക്കാൻ ശ്രമിക്കുന്നു. അവരെ അടിച്ചമർത്താൻ ശ്രമിക്കുന്ന സർക്കാരുകളെ അട്ടിമറിക്കാൻ നോട്ടുക്കെട്ടുകൾ വാരിയെറിയുന്നു.ഹൃദയമുള്ളവർ ഈ നാടിന്റെ അധ:പതനം അസ്തപ്രജ്ഞരാവുകയാണ്.

ഇപ്പോൾ ഈ ആകർഷ ഭൂമിയിൽ ഒരു കോടിയിലധികം ആളുകൾ മദ്യത്തിനും മയക്കുമരുന്നിനും അടിമകളായിരിക്കുന്നു എന്നാണ് അന്താരാഷ്ട്ര തൊഴിൽ സംഘത്തിന്റെ കണക്കുകൂട്ടൽ. മയക്കുമരുന്നിൽ മയങ്ങി വീഴുന്നവരെപ്പറ്റി ബന്ധുക്കൾ വളരെ വൈകിയാണറിയുന്നത്.ഈ മഹാമാരി പകർച്ചവ്യാധിപോലെ ജനജീവിതം തകർത്തുക്കൊണ്ടിരിക്കുമ്പോൾ സാമൂഹ്യ പ്രവർത്തകർ ഇതിനു പോംവഴികാണാതെ വിഷമിക്കുന്നു.

വിദ്യാർത്തികളുടെയിടയിൽ മയക്കുമരുന്നുകൾക്കെതിരെ ശക്തമായ പ്രചരണവും ബോധവൽക്കരണവും നടത്താൻ സർക്കാരും  ബഹുജന സംഘടനകളും യുദ്ധകാലാടിസ്ഥാനത്തിലുള്ള പവർ നടത്തേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ക്ലാസ്സു തുടങ്ങുന്നതിനുമുമ്പ് പ്രാർത്ഥനയോടൊപ്പം , എല്ലാവിദ്യാർത്ഥികളെക്കൊണ്ടും മയക്കുമരുന്ന് തൊടുകയില്ലാ എന്ന പ്രതിജ്ഞയെടുപ്പിക്കണം. മയക്കുമരുന്നുമായി പിടിക്കടുന്നവരെ മരണശിക്ഷയ്ക്ക് തന്നെ

വിധേയമാക്കണം. സ്വബോധമുള്ള ഒരു ജനതയെ ഭാരതത്തിന് വേണമെങ്കിൽ ഇങ്ങനെ അറ്റക്കൈതന്നെ

പ്രയോഗിച്ചേമതിയാകൂ.

താമസിച്ചാൽ പ്രശ്ന പരിഹാരം അസാധ്യമായെന്നു വരാം.

***THANK YOU***

***LITTLE KITES PGHSS PONNANI***